LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കന്ററി സ്കൂളിൽ ബൈട്രാൻസ്ഫർ വഴിയുള്ള അദ്ധ്യാപകരുടെ നിയമനം

101 (7068) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി സ്കൂളിൽ ബൈട്രാൻസ്ഫർ വഴി അദ്ധ്യാപകരെ ഏറ്റവും അവസാനം നിയമിച്ചത് എന്നാണ് ;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനം പൊതുവായി നൽകിയത് 23-7-2011-നും എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകർക്ക് ബൈട്രാൻസ്ഫർ നിയമനം നൽകിയത് 2-6-2014 നുമാണ്.

(ബി) ശ്രീ. അരുൺ റോയ്. എസ്.ആർ ഫയൽ ചെയ്ത WP(C) 22608/11 എന്ന കേസിൻമേൽ കെമിസ്ട്രി വിഷയത്തിൽ നിയമനം നടത്തുന്നതിന് 19-8-2011-ൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നു. (പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ തസ്തികമാറ്റം നിയമനം നടത്തുന്നു എന്നായിരുന്നു കേസ്സ്. ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകർക്കായി 31-7-2008 വരെ നീക്കിവച്ചിരുന്ന ഒഴിവിലേക്കാണ് പ്രസ്തുത തസ്തികമാറ്റ നിയമനം നടത്തിയത്) ഈ കേസ്സ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറുകയും 25-12-2013-ൽ സ്റ്റേ നീക്കം ചെയ്യുകയും ചെയ്തു.

ബൈട്രാൻസ്ഫർവഴി ഹയർ സെക്കന്ററി അദ്ധ്യാപക നിയമനം

102 (7069) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബൈട്രാൻസ്ഫർവഴി ഹയർ സെക്കന്ററി അദ്ധ്യാപകരായി ഏറ്റവും അവസാനം നിയമിച്ചത് എന്നാണ് ;

(ബി) ഈ നിയമനം സംബന്ധിച്ച് ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) എന്നത്തേക്ക് നിയമനം നടക്കുമെന്നും ഇത്തരത്തിൽ എത്രപേർക്ക് നിയമനം നടത്താൻ കഴിയുമെന്നും വെളിപ്പെടുത്താമോ ;

(ഡി) നിയമനത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകർക്ക് തസ്തികമാറ്റ നിയമനം മൊത്തമായി നൽകിയത് 23-7-2011-നും എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകർക്ക് ട്രൈബ്രാൻസ്ഫർ നിയമനം നൽകിയത് 2-6-2014 നുമാണ്.

(ബി) ശ്രീ. അരുൺ റോയ് എസ്.ആർ ഫയൽ ചെയ്ത WP(C) 22608/11 എന്ന കേസിൻമേൽ കെമിസ്ട്രി വിഷയത്തിൽ നിയമനം നടത്തുന്നതിന് 19-6-2011-ൽ ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നു. (പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ തസ്തികമാറ്റം നിയമനം നടത്തുന്നു എന്നായിരുന്നു കേസ്സ്. ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകർക്കായി 31-7-2008 വരെ നീക്കി വച്ചിരുന്ന ഒഴിവിലേക്കാണ് പ്രസ്തുത തസ്തികമാറ്റ നിയമനം നടത്തിയത്) ഈ കേസ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറുകയും 25-12-2013-ൽ സ്റ്റേ നീക്കം ചെയ്യുകയും ചെയ്തു.

(സി) എച്ച്.എസ്.എ/എൽ.പി.എസ്.എ/യു.പി.എസ്.എ. വിഭാഗത്തിൽപ്പെട്ട ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരുടെ ട്രൈബ്രാൻസ്ഫർ നിയമനം സംബന്ധിച്ചുള്ള നടപടികൾ നടന്നുവരികയാണ്.

വിവിധ വിഷയങ്ങളിലായി എച്ച്.എസ്.എസ്.റ്റി തസ്തികയിൽ 378 നിയമനങ്ങളും എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ 808 നിയമനങ്ങളും നടത്തുവാൻ കഴിയും.

(ഡി) ട്രൈബ്രാൻസ്ഫർ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ. മഹേഷ് റ്റി. ഫയൽ ചെയ്ത OP (KAT) 2538/13 എന്ന കേസിൽ 28-1-2014-ലെ വിധി പ്രകാരം ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ ട്രൈബ്രാൻസ്ഫർ നിയമനങ്ങൾ പാടില്ല എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കേസ്സിലെ അന്തിമ വിധിക്ക്‌വിധേയമായി മാത്രമേ നിയമന നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ഹയർ സെക്കന്ററി സ്കൂളുകളുടെയും വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുടെയും പ്രവൃത്തി ദിവസം അഞ്ച് ദിവസമായി കുറയ്ക്കൽ

103 (7070) ശ്രീ. പി.. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒരേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഹയർ സെക്കന്ററി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും പ്രവൃത്തി ദിവസങ്ങളിലെ വ്യത്യാസം പ്രയാസം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly